# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:963

05.02.2020-ലെ മറുപടി

## കുടിവെള്ള നിരക്ക് വർദ്ധനവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള നിരക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അവസാനമായി വർദ്ധനവ് വരുത്തിയത് എന്നാണ്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കുടിവെള്ള നിരക്ക് വർദ്ധിപ്പിക്കുവാൻ വേണ്ടി കേരള വാട്ടർ അതോറിറ്റി നൽകിയ ശുപാർശ പരിശോധിച്ചു വരുന്നു. 30/09/2014 ലെ സർക്കാർ ഉത്തരവ് GO(MS) No.92/2014/ WRD പ്രകാരം 01/10/2014 മുതലാണ് അവസാനമായി വർദ്ധനവ് പ്രാബല്യത്തിൽ വന്നത്. |
| (ബി) | നിരക്ക് വർദ്ധനവിന് ജല അതോറിറ്റി നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഒരു കിലോ ലിറ്റർ വെള്ളത്തിന്റെ സംഭരണ ശുദ്ധീകരണ വിതരണ ചെലവ് ഏകദേശം 23.72 രൂപയാണ് കണക്കാക്കിയിരിക്കുന്നത്. കുടിവെള്ള വിതരണം വഴി കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുന്ന വരുമാനം ഒരു കിലോ ലിറ്ററിന് ഏകദേശം 9.50 രൂപയാണ്. എറ്റവും കുറഞ്ഞ നിരക്കായി കേരള വാട്ടർ അതോറിറ്റി ഉപഭോക്താവിൽ നിന്നും വാങ്ങുന്നത് 4 രൂപയാണ്. (ഏറ്റവും ചെറിയ സ്ലാബ്).<br>കേരള വാട്ടർ സപ്ലൈ ആൻറ് സ്വീറേജ് ആക്ട് 1986 സെക്ഷൻ 23 പ്രകാരം വാട്ടർ അതോറിറ്റിയുടെ പ്രവർത്തന ചെലവുകളും സർക്കാർ അനുവദിക്കുന്ന ഗ്രാൻറുകളും പരിഗണിച്ച് പ്രവർത്തന നഷ്ടം വരാത്ത രീതിയിൽ വെള്ളക്കരം നിശ്ചയിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഒരു പരിധിവരെ ചെലവും വരവും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ വേണ്ടിയാണ് നിരക്ക് വർദ്ധനവിന് കേരള വാട്ടർ അതോറിറ്റി ശുപാർശ ചെയ്തത്. |
| (സി) | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ പ്രസ്തുത നിരക്ക് വർദ്ധനവിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | കേരള വാട്ടർ അതോറിറ്റിയുടെ ശുപാർശ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**